14-ാം കേരള നിയമ സഭ

11-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3619 — 20-06-2018 -ൽ മറുപടിയ്ക്ക്

## എം.ബി.ബി.എസ്. സീറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.എൻ.എ ഖാദർ<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. പി.ഉബൈദുള്ള | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഉത്തരവ് മൂലം സംസ്ഥാനത്ത് മുപ്പതു ശതമാനം എം.ബി.ബി.എസ് സീറ്റ് കുറയുമെന്ന വാർത്തയെ തുടർന്ന് ഈ വർഷത്തെ നീറ്റ് പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഈ ആശങ്ക അകറ്റുന്നതിനും, കഴിയുന്നത്ര വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസി ന് പഠിക്കുന്നതിന് അവസരം ഒരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും — പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ 100 സീറ്റുകൾക്കും എട്ട് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 1000 എം.ബി.ബി.എസ് സീറ്റുകൾക്കും 2018-19 അധ്യയനവർഷം പ്രവേശനത്തിന് അനുമതി ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ സീറ്റുകൾക്ക് അലോട്ട്മെന്റ് തീയതിയ്ക്ക് മുമ്പായി അനുമതി ലഭിക്കുന്ന പക്ഷം അർഹരായ വിദ്യാർത്ഥികൾക്ക് സീറ്റുകൾ ലഭ്യമാക്കാൻ കഴിയുന്നതാണ്. എസ്.എസി/എസ്.റ്റി വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിന് ആരോഗ്യ വകുപ്പിന്റെ സൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അപ്രകാരം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാട്ടിയ കുറവുകൾ പരിഹരിക്കപ്പെട്ടും എന്നതിനാൽ കോളേജിന് തുടർച്ചാനുമതി നൽകണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ